# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 523 — 11.12.2012 ൽ മറുപടിയ്ക്ക്

## സഹകരണ നിക്ഷേപ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ യജ്ഞം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 2012 ഡിസംബർ 1-ാം തീയതി മുതൽ 31-ാം തീയതി വരെ നിക്ഷേപ സമാഹരണ ക്യാമ്പയിൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. "നിക്ഷേപം നാടിനും നാട്ടുകാരുടെ ക്ഷേമത്തിനും" എന്നതാണ് നിക്ഷേപ സമാഹരണ ക്യാമ്പയിനിന്റെ സന്ദേശം. |
| ബി) സഹകരണ യജ്ഞത്തിൽ ഏതെല്ലാം ബാങ്കുകളെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്താനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, മറ്റ് വായ്പ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവയെ നിക്ഷേപ സമാഹരണത്തിൽ ഉൾപ്പെടുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) ആരുടെ നേതൃത്വത്തിലാണ് യജ്ഞം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (സി) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേനയാണ് നിക്ഷേപ സമാഹരണ യജ്ഞം നടത്തുന്നത്. |
| (ഡി) ഇതു വഴി എത്ര കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ഡി) നിക്ഷേപ സമാഹരണം മുഖേന 4,500 കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ